Draft #98 of File 3558/AD A1/ASO1/2018/AD A 1 Approved by JOINT REGISTRAR I (ADMIN) on 29-May-2020 10:31 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

ജീവനക്കാര്യം: തസ്തിക ക്രമീകരണം, നിയമനം, സ്ഥലംമാറ്റം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2239/AD A1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 29.05.2020

---

*പരാമർശം:-*വൈസ് ചാൻസലറുടെ 27.05.2020 തീയതിയിലെ കുറിപ്പ് നം. വി.സി.702/2/064/2020.

<u>ഉത്തരവ്</u>

സർവ്വകലാശാലയിലെ വിവിധ വിഭാഗങ്ങളുടെയും സെക്ഷനുകളുടെയും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി താഴെ പരാമർ ശിച്ചിരിക്കുന്ന പ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തി സൂചന പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. എസ്റ്റേറ്റ് ഓഫീസറുടെ തസ്തിക ഡെപ്യൂട്ടി രജിസ്ട്രാറിന് സമാനമായ തസ്തികയായി ഉയർത്തി, ഭരണ വിഭാഗത്തിലെ ഡെപ്യൂട്ടി രജിസ്ട്രാർ (RTI) തസ്തികയിൽ ഉൾക്കൊള്ളിച്ച് ശ്രീ. വെങ്കിടേശ്വരൻ ആർ. -നെ സ്ഥാനക്കയറ്റം ലഭിക്കുന്ന മുറക്ക് നിയമിക്കുന്നതാണ്.. കൂടാതെ, ഡെപ്യൂട്ടി രജിസ്ട്രാർ (RTI) തസ്തികയ്ക്ക് പകരമായി അസിസ്റ്റൻറ് രജിസ്ട്രാർ (RTI) തസ്തിക തസ്തിക അനുവദിക്കുകയും, എസ്സറ്റേറ്റ് ഓഫീസർവഹിച്ചിരുന്ന അസിസ്റ്റൻറ് രജിസ്ട്രാർ തസ്തിക പബ്ലിക് റിലേഷൻസ് വിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്യുന്നു.
2. സെൽഫ് ഫിനാൻസിംഗ് കേസുമായി ബന്ധപ്പെട്ട് രൂപീകരിച്ച SF Special Cell -ലെ സെക്ഷൻ ഓഫീസർ തസ്തിക IIRBS -ലേയ്ക്ക് മാറ്റിയിരിക്കുന്നു. IIRBS -ൽ വർക്ക് അറേഞ്ച്മെൻറ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീ. ഡാമി ഡയസ് ഫെർണാണ്ടസ് -നെ സെക്ഷൻ ഓഫീസറായി ഉദ്യോഗക്കയറ്റം ലഭിക്കുന്ന മുറയ്ക്ക് IIRBS -ൽ നിയമിക്കുന്നു. SF Special Cell -ലെ സെക്ഷൻ ഓഫീസറുടെ ചുമതല SF I -ലെ സെക്ഷൻ ഓഫീസർക്ക് നൽകുകയും ടി സെക്ഷനിലെ മറ്റ് ജീവനക്കാരെ താൽക്കാലികമായി SF I -ലേക്ക് സ്ഥലം മാറ്റി നിയമിക്കുകയും ചെയ്യുന്നു.
3. P & D III സെക്ഷൻ ഓഫീസറുടെ തസ്തിക വൈസ് ചാൻസലറുടെ ഓഫീസിലേക്ക് മാറ്റിയിരിക്കുന്നു. P & D III സെക്ഷൻ SC/ST Cell -ൽ ലയിപ്പിച്ചിരിക്കുന്നു. P & D III സെക്ഷനിലെ അസിസ്റ്റൻറ് ശ്രീ. ഡോറിറ്റ് ലൂക്കോസ് -നെ IIRBS -ലേയ്ക്ക് തസ്തികയോടു കൂടി 01.06.2020 മുതൽ സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു. P & D III സെക്ഷനിലെ മറ്റ് ജീവനക്കാരെ SC/ST Cell -ലേയ്ക്ക് താൽക്കാലികമായി സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു.
4. ശ്രീ. അനീഷ്കുമാർ കെ.സി. -യെ സെക്ഷൻ ഓഫീസറായി ഉദ്യോഗക്കയറ്റം ലഭിക്കുന്ന മുറയ്ക്ക് വൈസ് ചാൻസലറുടെ ഓഫീസിൽ തുടരുവാൻ അനുവദിച്ചിരിക്കുന്നു. വൈസ് ചാൻസലറുടെ ഓഫീസുമായി ബന്ധപ്പെട്ട ചുമതലകൾക്ക് പുറമേ CAP സംവിധാനങ്ങളുടെ ഏകോപനവും CITAD വിഭാഗത്തിൻറെ ചുമതലയും ടിയാന് നൽകുന്നു.
5. ഓൺലൈൻ പരീക്ഷാ ജോലികളുടെ നടത്തിപ്പിനായി സെക്ഷൻ ഓഫീസർ ഇ.ബി. (Online Question Paper Management) എന്ന പേരിൽ ഒരു സെക്ഷൻ ഓഫീസർ തസ്തിക പരീക്ഷാ വിഭാഗത്തിൽ അനുവദിച്ചിരിക്കുന്നു. ഇതിനായി ജനറൽ ക്യാഷ് - V തസ്തിക നിർത്തലാക്കി പരീക്ഷാ വിഭാഗത്തിലേയ്ക്ക് മാറ്റിയിരിക്കുന്നു.
6. വൈസ് ചാൻസലറുടെ അസിസ്റ്റൻറ് പ്രൈവറ്റ് സെക്രട്ടറി ശ്രീ. സ്റ്റാലിൻ പി.എസ്. വിരമിക്കുന്ന ഒഴിവിൽ അസിസ്റ്റൻറ് രജിസ്ട്രാർ VI (ഭരണവിഭാഗം) ആയ ശ്രീ. നജീബ് എം. -നെ നിയമിക്കുന്നതിനും .

സെൽഫ് ഫിനാൻസിംഗുമയി ബന്ധപ്പെട്ട വ്യവഹാര നടപടികൾ പൂർത്തിയാകുന്നതു വരെ ടിയാനെ ടി കേസുമായി ബന്ധപ്പെട്ട നോഡൽ ഓഫീസറായും നിയമിക്കുന്നതിനും .

7. സെൽഫ് ഫിനാൻസിംഗ് കേസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രത്യേകം അനുവദിച്ച അസിസ്റ്റൻറ് രജിസ്ട്രാർ VI (ഭരണവിഭാഗം) തസ്തിക ഭരണ വിഭാഗത്തിൽ നിലനിർത്തുന്നതിനായും, അദ്ധ്യാപകരുടേയും ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട ഫയലുകളുടെ ബാഹുല്യം കണക്കിലെടുത്ത് അസിസ്റ്റൻറ് രജിസ്ട്രാർ I (ഭരണവിഭാഗം) -ൻറെ ജോലിഭാരം ലഘൂകരിക്കുന്നതിനുമായി, AD A VIII, AD A X എന്നീ സെക്ഷനുകളുടെ ചുമതലയോടു കൂടി അസിസ്റ്റൻറ് രജിസ്ട്രാർ VI എന്ന പേരിൽ ടി തസ്തിക നിലനിർത്തുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

കോമളവല്ലി കെ

ജോയിന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസിലർ/പ്രൊ വൈസ്ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എVI/എഡി.സി I/II/III/ എഫ്.സി.സി./എഡി.ബി.IX/CBCSS 13
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂഎ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #98 of File 3558/AD A1/ASO1/2018/AD A 1 Approved by JOINT REGISTRAR I (ADMIN) on 29-May-2020 10:31 AM - Page 2